ഇ9 – 43578/16

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 15.12.2017
ഇ–മെയിൽ: directorofpanchayatsestt@gmail.com
ഫോൺ – 0471 2321054

**പഞ്ചായത്ത് ഡയറക്ടർ**
**തിരുവനന്തപുരം.**

**എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും**

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ക്ലറിക്കൽ-ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 164, 232, 287, 345, 371, 390, 744, 874/2017 കേസിൻമേലുള്ള 02.06.2017-ലെ ഉത്തരവിൻ പ്രകാരം അപേക്ഷകരെ നേരിൽ കേൾക്കുന്നത് - സംബന്ധിച്ച്.

സൂചന :- (1) സർക്കാരിന്റെ 07.01.2017-ലെ ജിഒ(ആർറ്റി) 49/17/തസ്വഭവ നമ്പർ ഉത്തരവ്.
(2) സർക്കാരിന്റെ 06.12.2017-ലെ 84/ഇപിഎ2/17/തസ്വഭവ നമ്പർ കത്ത്.

വകുപ്പിലെ ക്ലർക്ക്, ക്ലർക്ക്-ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവിലേക്ക് ജീവനക്കാരെ പരിഗണിക്കുമ്പോൾ ഓഫീസ് അറ്റൻഡന്റ് ജീവനക്കാർക്ക് പുറമെ പഞ്ചായത്ത് വകുപ്പിലെ ഫുൾ-ടൈം സ്വീപ്പർമാരെ ഒഴിവാക്കണമെന്ന സർക്കാരിന്റെ സൂചന (1) ഉത്തരവിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 164, 232, 287, 345, 371, 390, 744, 874/2017 കേസിൻമേലുള്ള 02.06.2017 -ലെ ഉത്തരവിൻപ്രകാരം ടി കേസ്സിലെ അപേക്ഷകരെയും സൂചന (1) ഉത്തരവ് ബാധിക്കുന്ന ജീവനക്കാരെയും നേരിൽ കേൾക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 28.12.2017 ഉച്ചയ്ക്ക് 2 മണിക്ക് ഗവൺമെന്റ് സെക്രട്ടറിയേറ്റ് അനക്സ്-1 റൂം നമ്പർ 401-സി -ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി.പാറ്റ്സി സ്റ്റീഫൻ നടത്തുന്ന ഹിയറിംഗിൽ പങ്കെടുത്ത് ജീവനക്കാർക്ക് ആവലാതി സമർപ്പിക്കാവുന്നതാണ്.

ഈ കത്ത് എല്ലാ ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലും പ്രസിദ്ധീകരിക്കേണ്ടതാണ്. ആയത് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്.

വിശ്വസ്തതയോടെ

**പഞ്ചായത്ത് ഡയറക്ടർക്കുവേണ്ടി**

*പിറ്റികെ 15/12/17*